**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 15 — 25.04.2017- ൽ മറുപടിയ്ക്ക്

## ഉപേക്ഷിക്കപ്പെടുന്ന വൃദ്ധമാതാപിതാക്കൾ

**ചോദ്യം**

ശ്രീ.അബ്ദുൽ ഹമീദ്.പി.
ശ്രീ.കെ.എം.ഷാജി
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.ടി.വി.ഇബ്രാഹിം.

**ഉത്തരം**

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ, ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും സജീവ പരിഗണന ലഭിക്കേണ്ടവരാണ് വയോജനങ്ങൾ. എന്നാൽ അത്തരം പരിഗണന കുടുംബങ്ങളിലുള്ള മുതിർന്നവർക്ക് കിട്ടുന്നില്ല എന്നുള്ളത് വാസ്തവമാണ്. ഇന്ന് നിലനിൽക്കുന്ന അണുകുടുംബ സംവിധാനം ഇതിന് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. കൂടാതെ ഇന്നത്തെ ജീവിതസാഹചര്യത്തിൽ സ്ത്രീകളും പുരുഷന്മാരോടൊപ്പം തൊഴിലെടുക്കുന്നതിനാൽ മിക്ക കുടുംബങ്ങളിലും വൃദ്ധമാതാപിതാക്കൾ ഒറ്റപ്പെടാറുണ്ട്. ചെറുപ്പക്കാർ വൻതോതിൽ വിദേശത്ത് തൊഴിൽ തേടിപ്പോകുന്നതും ഇതിന് മറ്റൊരു കാരണമാണ്. വീടുകളിൽ മറ്റാരും |

| | | | |
|---|---|---|---|
| | | | ഇല്ലാത്ത അവസ്ഥയിൽ മുതിർന്നവർ ഒറ്റപ്പെടുകയും ഇത് വൈകാരിക മാനസിക സംഘർഷത്തിന് കാരണമാകുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ മക്കൾതന്നെ മാതാപിതാക്കളെ തെരുവിൽ ഉപേക്ഷിക്കുകയോ വൃദ്ധസദനങ്ങളിലാക്കുകയോ ചെയ്യാറുണ്ട്. മൊബൈൽ, ടി.വി., കംപ്യൂട്ടർ എന്നിവയുടെ അതിപ്രസരണം കുടുംബബന്ധങ്ങളെ ശിഥിലമാക്കുന്നതിൽ നല്ലൊരു പങ്ക് വഹിക്കുന്നുണ്ട്. കഥ പറച്ചിലിനും ലാളനകൾക്കും ഇന്ന് മുത്തശ്ശി മുത്തച്ഛന്മാരെ കുട്ടികൾക്ക് വേണ്ട. മൊബൈലിന്റെ ഉപയോഗം കുട്ടികളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ചുരുക്കത്തിൽ വീടുകളിലെല്ലാവരുമുണ്ടെങ്കിലും മുതിർന്നവരോട് സംസാരിക്കുകയോ ഇടപഴകുകയോ ചെയ്യാതെ അവരെ അവഗണിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. സ്വത്തുക്കൾ വിഹിതം വച്ച് ലഭിച്ചതിനുശേഷം മാതാപിതാക്കളെ ഉപേക്ഷിക്കുന്ന പ്രവണതയും നിലവിലുണ്ട്. |
| (സി) | സ്വത്തുക്കൾ തട്ടിയെടുക്കപ്പെട്ട്, ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്നവർ നൽകുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിലും കേസുകൾ തീർപ്പാക്കുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്രനിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് |

| | | | |
|---|---|---|---|
| | | | ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതിനുശേഷം അടിസ്ഥാന സുഖസൗകര്യങ്ങളും അടിസ്ഥാന ഭൗതീക സാഹചര്യങ്ങളും നൽകേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മുതിർന്ന പൗരന്മാരുടെ വസ്തു ഇഷ്ടദാനമായോ മറ്റേതെങ്കിലും വിധത്തിലോ കൈമാറ്റം ചെയ്യുകയും കൈമാറ്റം കിട്ടിയ ആൾ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയും ചെയ്താൽ വസ്തു കൈമാറ്റം, പരാതിയുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ട്രൈബ്യൂണൽ വഴി റദ്ദു ചെയ്യാവുന്നതാണ്. ഈ നിയമത്തിലെ വകുപ്പ് 24 പ്രകാരം മുതിർന്ന പൗരന്റെ പരിരക്ഷയോ സംരക്ഷണമോ നടത്തേണ്ടുന്ന വ്യക്തി അത്തരത്തിൽ പ്രവർത്തിക്കാ-തിരുന്നാൽ മൂന്നുമാസം വരെ കാലയളവിലേക്ക് വെറും തടവോ അല്ലെങ്കിൽ കഠിനതടവോ അയ്യായിരം രൂപ വരെ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കാവുന്നതാണ്. ഈ നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**